**കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമങ്ങൾ**
**(ഹാജർ : അബ്ദുൾ ലത്തീഫ്. എ. വി.)**

വിഷയം : പഞ്ചായത്ത് വകുപ്പ് – ജീവനക്കാര്യം – കോഴിക്കോട് ജില്ലയിൽ 01.04.2018 മുതൽ 31.12.2021 വരെയുള്ള കാലയളവിൽ നിയമനം നൽകിയ ഓഫീസ് അറ്റൻഡന്റുമാരുടെ അന്തിമ സീനിയോരിറ്റി പട്ടിക പ്രസിദ്ധീകരിച്ചത് പരിഷ്കരിച്ച് ഉത്തരവാകുന്നു.

പരാമർശം : 1. ഈ ഓഫീസിലെ 21/05/2016 തീയതിയിലെ A8-4748/12 നമ്പർ ഉത്തരവ്.

2. പഞ്ചായത്ത് ഡയറക്ടറുടെ 26/04/2018 ലെ ഇ 10-5480/18 നമ്പർ കത്ത്

3. ഈ ഓഫീസിലെ 04/08/2018 തീയതിയിലെ A8-13/14 നമ്പർ ഉത്തരവ്.

4. ഈ ഓഫീസിലെ 29/01/2022 ലെ DDP-KKD/1479/2020-A8 നമ്പർ ഉത്തരവ്.

5. പഞ്ചായത്ത് ഡയറക്ടറുടെ 01/02/2022 തീയതിയിലെ PAN/15494/2021-E10(DP) നമ്പർ കത്ത്.

6. സ.ഉ. (പി) നമ്പർ 21/2014/ഉ.ഭ.പ.വ തീയതി. 06/07/2014

**ഉത്തരവ് നമ്പർ : DDP-KKD/1479/2020-A8 തീയതി : 03/03/2022**

കോഴിക്കോട് ജില്ലയിലെ പഞ്ചായത്ത് വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്നവർക്ക് റേഷ്യോ പ്രമോഷൻ അനുവദിക്കുന്നതിനായി, ഫെബ്രുവരി 2016 വരെയുള്ള കാലയളവിൽ നിയമനം നൽകിയ ഓഫീസ് അറ്റൻഡന്റുമാരുടെ അന്തിമ സീനിയോരിറ്റി പട്ടിക പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു. തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് നാളിതു വരെ നിയമനം നൽകിയിട്ടുള്ള ഓഫീസ് അറ്റൻഡന്റുമാരെ ഉൾപ്പെടുത്തി സീനിയോരിറ്റി പട്ടിക പ്രസിദ്ധീകരിക്കാൻ പരാമർശം (2) പ്രകാരം നിർദ്ദേശം ലഭിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 01.03.2016 മുതൽ 31.03.2018 വരെയുള്ള കാലയളവിൽ നിയമനം നൽകിയ ഓഫീസ് അറ്റൻഡന്റുമാരുടെ അന്തിമ സീനിയോരിറ്റി പട്ടിക പരാമർശം (3) പ്രകാരം പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു. കോഴിക്കോട് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ 01.04.2018 മുതൽ 31.12.2021 വരെയുള്ള കാലയളവിൽ നിയമിതരായ ഓഫീസ് അറ്റൻഡന്റുമാരുടെ അന്തിമ സീനിയോരിറ്റി പട്ടിക പരാമർശം (4) പ്രകാരം പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു. എന്നാൽ ടി അന്തിമ സീനിയോരിറ്റി പട്ടികയിൽ പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിൽ (ആസ്ഥാന കാര്യാലയ ഒഴിവിൽ) നിയമിതയായ ശ്രീമതി വിജി ആർ എസ് എന്നവർ ഉൾപ്പെട്ടിരുന്നില്ല. ടിയാളെ ടി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് കാണിച്ചുള്ള അപേക്ഷ പരാമർശം (5) പ്രകാരം ഈ ഓഫീസിൽ ലഭ്യമായിട്ടുണ്ട്. പരാമർശം (6) സർക്കാർ ഉത്തരവിലെ ഖണ്ഡിക 2(4) പ്രകാരം ഹെഡ്ക്വാർട്ടേഴ്സ് ഒഴിവിൽ നിയമിക്കപ്പെടുന്നവർക്ക് സീനിയോരിറ്റിയും നിയമനാർഹതയും അവരുടെ ഓപ്റ്റഡ് ജില്ലയിലായിരിക്കും എന്ന് പറഞ്ഞിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ശ്രീമതി വിജി ആർ എസ് എന്നവരെ അവരുടെ ഓപ്റ്റഡ് ജില്ലയായ കോഴിക്കോട് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ 01.04.2018 മുതൽ 31.12.2021 വരെയുള്ള കാലയളവിൽ

നിയമിതരായ ഓഫീസ് അറ്റൻഡന്റുമാരുടെ അന്തിമ സീനിയോരിറ്റി പട്ടികയിൽ ക്രമനമ്പർ 28 എ നമ്പരായി ഉൾപ്പെടുത്തി അന്തിമ സീനിയോരിറ്റി പട്ടിക ഇതോടൊന്നിച്ചുള്ള അനുബന്ധം I പ്രകാരം പരിഷ്കരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

Signature Not Verified
Digitally signed by ABDUL LATHEEF A V
Date: 2022.03.03 13:05:42 IST
Reason: Approved

അബ്ദുൾ ലത്തീഫ്. എ. വി.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
കോഴിക്കോട്.

എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും, ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്കും (അന്തിമ പട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ളത് അതത് ഗ്രാമ പഞ്ചായത്തുകളിൽ/ജില്ലാ പഞ്ചായത്തിൽ സേവനമനുഷ്ഠിക്കുന്ന ഓഫീസ് അറ്റൻഡന്റുമാരുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും, പരിശോധനക്കായി പട്ടികയുടെ പകർപ്പ് ലഭ്യമാക്കേണ്ടതുമാണ്.)

പകർപ്പ് :

1) പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, കോഴിക്കോട്.
3) എല്ലാ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാർക്കും.
4) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം.
5) എ 3, സി1 സെക്ഷനുകൾ
6) കരുതൽ/അധികം.